**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 94** **04-07-2022 - ൽ മറുപടിയ്ക്ക്**

**പൊതുവിദ്യാലയങ്ങളുടെ നിലവാരം ഉയർത്തുന്ന നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കെ ബി ഗണേഷ് കുമാർ,<br>ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പൊതുവിദ്യാലയങ്ങളുടെ ഗുണനിലവാരം ഉയർത്തുവാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (എ) | **സംസ്ഥാനത്ത് പൊതുവിദ്യാലയങ്ങളുടെ ഗുണനിലവാരം ഉയർത്തുന്നതിന് സജീവമായ കർമ്മപദ്ധതിയാണ് ആവിഷ്കരിച്ച് വരുന്നത്. സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം, നിലവിലുള്ള കെട്ടിടങ്ങളുടെ നവീകരണം, ജൈവവൈവിദ്ധ്യ ഉദ്യാനം, ബട്ടർഫ്ലൈ പാർക്ക് ഉൾപ്പെടെയുള്ള സ്കൂൾ കാമ്പസ്സ് നവീകരണം, ക്ലാസ് മുറികൾ ഹൈടെക് ആക്കി മാറ്റൽ തുടങ്ങിയ പ്രവർത്തനങ്ങൾ ഭൗതിക തലത്തിലും ;**<br><br>**മുഴുവൻ കുട്ടികൾക്കും ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പു വരുത്തുക, ഭിന്നശേഷി കുട്ടികൾക്ക് സൗഹൃദമായ അക്കാദമിക ഭൗതിക സാഹചര്യം ഉറപ്പാക്കൽ, അദ്ധ്യാപക ശാക്തീകരണം, വിവിധ പഠനപോഷണ പരിപാടികൾ എന്നിവ അക്കാദമിക തലത്തിലും നടപ്പിലാക്കി വരുന്നു.** |
| (ബി) | പൊതുവിദ്യാലയങ്ങളിൽ ഇംഗ്ലീഷ് ഭാഷ പരിജ്ഞാനത്തിന് പ്രത്യേകം പ്രാധാന്യം നൽകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (ബി) | പൊതുവിദ്യാലയങ്ങളിലെ ഇംഗ്ലീഷ് ഭാഷാ പഠനം മെച്ചപ്പെടുത്തുന്നതിന് കൂടുതൽ ക്രിയാത്മകമായ നടപടികൾ സ്വീകരിക്കുന്നതാണ്. അതിനായി സംസ്ഥാനത്ത് ഇംഗ്ലീഷ് അദ്ധ്യാപകരെ ശാക്തീകരിക്കുന്നതിനും പഠന പോഷണ പരിപാടികൾ നടപ്പിലാക്കുന്നതിനും വേണ്ടി സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷ്-ന്റെ പ്രവർത്തനം വ്യാപിപ്പിക്കും. പ്രൈമറിഅദ്ധ്യാപകർക്കായി ഇ-ക്യൂബ് എന്ന പേരിൽ ഇംഗ്ലീഷ് ഭാഷ പരിപോഷണത്തിനായുള്ള പരിശീലനം നൽകിയിട്ടുണ്ട്.<br><br>സംസ്ഥാനത്തെ ഡയറ്റുകളിൽ പ്രവർത്തിക്കുന്ന ഡിസ്ട്രിക്ട് സെന്റർ ഫോർ ഇംഗ്ലീഷ്, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷിന്റെ നേതൃത്വത്തിൽ പുന: |

| | | | |
|---|---|---|---|
| | | | സംഘടിപ്പിക്കുകയും പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുമാണ് ലക്ഷ്യമിടുന്നത്. സ്കൂൾ തലത്തിൽ ഇംഗ്ലീഷ് ഭാഷാ പഠനം മെച്ചപ്പെടുത്തുവാനായി റസിഡൻഷ്യൽ പരിശീലന പരിപാടികൾ സംഘടിപ്പിക്കും. ഇതിലൂടെ കുട്ടികളെ ഇംഗ്ലീഷ് ഭാഷ അനായാസം സംസാരിക്കാൻ പ്രാപ്തരാക്കും.<br><br>ഇതിനു പുറമേ ബഹു.ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിലവിൽ ഇംഗ്ലീഷിൽ മാത്രമായി അദ്ധ്യാപകരില്ലാത്ത ഹൈസ്കൂളുകളിൽ, KER – ൽ അനുശാസിക്കുന്ന വിധം HSA (ഇംഗ്ലീഷ്) തസ്തിക അനുവദിക്കുന്ന കാര്യവും സർക്കാർ പരിശോധിച്ച് വരുന്നു. |
| (സി) | പൊതുവിദ്യാലയങ്ങളിലെ ശുചിമുറികൾ, കളിസ്ഥലങ്ങൾ, ലൈബ്രറികൾ, ലാബുകൾ എന്നിവ ഉന്നത നിലവാരത്തിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (സി) | സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ